**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 168** **29-01-2024 - ൽ മറുപടിയ്ക്ക്**

**സി. എം. ആർ. എൽ. കേസിലെ വിജിലൻസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ മകളും മകളുടെ കമ്പനിയും പൊതുമേഖലാ സ്ഥാപനമായ കെ. എസ്. ഐ. ഡി. സി.യ്ക്ക് പങ്കാളിത്തമുള്ള സി. എം. ആർ. എൽ. കമ്പനിയിൽ നിന്നും അനധികൃതമായി പണം കൈപ്പറ്റിയെന്ന ബംഗളൂരു രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ അന്വേഷണ റിപ്പോർട്ടും ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ വിധിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒരു പരാതി വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചിരുന്നു. ഇതേ പരാതി ബഹു. മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ CMP 1546/2023 നമ്പറായി ഫയൽ ചെയ്യുകയും മതിയായ തെളിവുകളുടെ അഭാവത്തിൽ തള്ളുകയും ചെയ്തിരുന്നു. പ്രസ്തുത വിധിയ്ക്കെതിരെ ഫയൽ ചെയ്ത റിവിഷൻ പെറ്റീഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | മുഖ്യമന്ത്രിയുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കമ്പനി മുഖ്യമന്ത്രിയുടെ മകൾക്കും മകളുടെ കമ്പനിക്കും ചെയ്യാത്ത സേവനങ്ങൾക്ക് പണം നൽകിയത് എന്ന് സി.എം.ആർ.എൽ. ഉദ്യോഗസ്ഥർ മൊഴി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉത്തരം (എ) യിൽ നൽകിയിട്ടുള്ളതാണ്. |
| (സി) | ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ വിജിലൻസ് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിജിലൻസ് വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | ഉത്തരം (എ) യിൽ നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ